**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4132** **03-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമീണ ജീവിത പ്രതിസന്ധിയുടെയും രാജ്യത്ത് വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയുടെയും പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം വർദ്ധിപ്പിച്ച് പദ്ധതി വിപുലമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം- 2005 പ്രകാരം ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ അവർ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഉറപ്പ വരുത്തുന്നു. ഗ്രാമപ്രദേശത്ത് സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും വർദ്ധിച്ചു വരുന്ന ഘട്ടങ്ങളിൽ തൊഴിലിനുവേണ്ടിയുള്ള ആവശ്യവും വർദ്ധിക്കും. അതിന് ആനുപാതികമായി ഫണ്ട് നീക്കിവയ്ക്കേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്. |
| (ബി) | തൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം 2023-24 കേന്ദ്ര ബജറ്റിൽ കുത്തനെ വെട്ടിക്കുറച്ചിട്ടുണ്ടോ; | (ബി) | തൊഴിലുറപ്പ് പദ്ധതിയ്ക്ക് വേണ്ടി 2022-23 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിരുന്ന കേന്ദ്രബജറ്റ് വിഹിതം 73,000 കോടി രൂപയായിരുന്നു. നടപ്പ് സാമ്പത്തിക വർഷം ഫെബ്രുവരി 28 വരെ 87,737 കോടി രൂപ ചെലവായിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തെ കേന്ദ്ര ബജറ്റിൽ തൊഴിലുറപ്പ പദ്ധതിയ്ക്കായി നിലവിൽ 60,000 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. |
| (സി) | തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ അപ്രായോഗികവും അശാസ്ത്രീയവുമായ നിബന്ധനകൾ സംസ്ഥാനത്തെ പദ്ധതി നടത്തിപ്പിൽ കാര്യമായ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (സി) | ഉണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ മാത്രമേ പാടുള്ള എന്ന കേന്ദ്രസർക്കാർ നിയന്ത്രണം സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തെ പ്രതിലോമകരമായി ബാധിച്ചിട്ടുള്ളതാണ്. നിരന്തര സമ്മർദ്ദത്തിന്റെ ഫലമായി കേരളത്തിൽ മാത്രമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 50 പ്രവൃത്തികൾ ഏറ്റെടുക്കാം എന്ന ഇളവ് നിബന്ധനകളോടെ കേന്ദ്രസർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 50 പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കാം എന്ന നിബന്ധനയും സംസ്ഥാനത്തിന് പ്രതികൂലമാണ്.<br><br>വ്യക്തിഗത പ്രവൃത്തികൾ ഒഴികെ ഉള്ള എല്ലാ തൊഴിലുറപ്പ് സ്ഥലങ്ങളിലും ഹാജർ NMMS Mobile App മുഖാന്തിരം രേഖപ്പെടുത്തണമെന്നാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശം. NMMS Mobile App-ലുള്ള സാങ്കേതിക പ്രശ്നങ്ങൾ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പദ്ധതിയിൽ സാധന സാമഗ്രികൾ വിതരണം ചെയ്യുന്ന വെണ്ടർമാർക്കും വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളികൾക്കും സ്റ്റേറ്റ് നോഡൽ അക്കൗണ്ടിൽ നിന്നും തുക നൽകുന്നതിനു PFMS ID ഉണ്ടാകണമെന്ന നിബന്ധന കൊണ്ടു വന്നപ്പോൾ അതിലെ സാങ്കേതിക പിഴവുകൾ കാരണം മുഴുവൻ പേർക്കും വെണ്ടർ IDസമയബന്ധിതമായി നൽകാൻ കഴിയാതെ വരുകയും വെണ്ടർമാരുടെയും വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളികളുടെയും തുക നല്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടാവുകയും ചെയ്തു. ആസ്തിനിർമ്മാണ പ്രവർത്തനങ്ങളും ഇതുമൂലം പ്രതിസന്ധിയിലായിട്ടുണ്ട്. അവിദഗ്ധ തൊഴിലാളികൾക്കുള്ള വേതനം 2023 ഫെബ്രുവരി മുതൽ ആധാർ അധിഷ്ഠിതമായി മാത്രമേ നൽകാൻ പാടുള്ളൂ എന്നു കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തൊഴിലാളികളുടെ വേതന വിതരണം തടസ്സപ്പെടുന്നതായി നിരവധി പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. ഇപ്രകാരം വേതന വിതരണം തടസ്സപ്പെടുന്ന പ്രവൃത്തികളും ഒരേസമയം അനുവദനീയമായ 50 പ്രവൃത്തികളിൽ ഉൾപ്പെട്ടു വരുന്നതും പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. പണിയായുധങ്ങളുടെ വാടക നിർത്തലാക്കി കേന്ദ്ര സർക്കാർ ഉത്തരവായതും തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതി തടസ്സം കൂടാതെയും കാര്യക്ഷമമായും നടത്തുന്നതിന് സംസ്ഥാനതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | പ്രതികൂല സാഹചര്യങ്ങൾക്കിടയിലും തൊഴിലുറപ്പപദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുണ്ട്. കോവിഡിന്റെ പ്രതിസന്ധി ഘട്ടത്തിൽ കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലും തുടർച്ചയായി 10 കോടിയിലേറെ തൊഴിൽദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഗ്രാമീണ കുടുംബങ്ങൾക്ക് ആശ്വാസം എത്തിക്കുന്നതിനു സാധിച്ചു. നടപ്പു സാമ്പത്തിക വർഷം നവംബർ മാസത്തിൽ തന്നെ സംസ്ഥാനം അനുമതി ലഭിച്ച 6 കോടി തൊഴിൽദിനങ്ങളും സൃഷ്ടിച്ച് ലക്ഷ്യം പിന്നിടുകയും ലേബർ ബജറ്റ് 8.5 കോടിയായി ഉയർത്തുകയും ചെയ്തു. ഇതുവരെ സംസ്ഥാനം 8.44 കോടി തൊഴിൽദിനങ്ങൾ |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുകയും ലേബർ ബജറ്റ് 10.16 കോടിയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികമായി 100 ദിവസത്തെ തൊഴിൽ നല്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ നടപ്പ സാമ്പത്തിക വർഷം ഇതുവരെ 20,053 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.<br><br>ഉപജീവന ഉപാധികൾ മെച്ചപ്പെടുത്തുന്നതിനും, സംസ്ഥാന സർക്കാരിന്റെ പുനരുജ്ജീവന പദ്ധതികളായ സുഭിക്ഷകേരളം, ശുചിത്വ കേരളം എന്നിവയുമായി തൊഴിലുറപ്പ് പദ്ധതിയെ സംയോജിപ്പിച്ച് സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി മുഖേന ഭൂവികസനം, ജലസേചനം, ധാന്യസംഭരണ കേന്ദ്രങ്ങൾ തുടങ്ങി നിരവധി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ ഹരിത കേരള മിഷനുമായി സഹകരിച്ചുകൊണ്ട് നീർത്തട വികസന പദ്ധതികൾ, പച്ചത്തുരുത്തുകൾ ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും ഏറ്റെടുത്തുവരുന്നു. അങ്കണവാടികളുടെ നിർമ്മാണവും തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കി വരുന്നു. പദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കിയ മുഴുവൻ തൊഴിലാളികൾക്കും സംസ്ഥാന സർക്കാർ 1000 രൂപാ വീതം ഉത്സവബത്തയായി നൽകി വരുന്നു.<br><br>തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിക്കാൻ നിയമനിർമ്മാണം നടത്തി ക്ഷേമനിധി ബോർഡ് രൂപീകരിച്ച ഒരേയൊരു സംസ്ഥാനവും കേരളമാണ്. |

സെക്ഷൻ ഓഫീസർ